**COLLEGE OF ENGINEERING**
(Managed by IHRD, Established by Government of Kerala)
Kallooppara, Kadamankulam P.O.
Thiruvalla, Pathanamthitta, Kerala. 689 583
Phone: 0469-2678983(0), 2677890(P), 2678688(Fax)
E-mail: cekallooppara@ihrd.ac.in, engpta@gmail.com, Web: www.cek.ac.in

## കല്ലൂപ്പാറ എഞ്ചിനീയറിംഗ് കോളേജിൽ തൊഴിൽരഹിതർക്ക് സൗജന്യമായി നൈപുണ്യ വികസനത്തിനു വിദഗ്ധ പരിശീലനം നൽകുന്നു

**മല്ലപ്പള്ളി:** തൊഴിൽരഹിതർക്ക് മാന്യമായ തൊഴിൽ ലഭിക്കുന്നതിനും ഒരു സുരക്ഷിത ജീവിതം നയിക്കുന്നതിനും ഉതകുന്ന വിധത്തിൽ വിവിധ തൊഴിൽ മേഖലകളിൽ വിദഗ്ധ പരിശീലനം നൽകി വൈദഗ്ദ്ധ്യം(നൈപുണ്യം) വർധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയും AICTEയുടേയും ആഭ്യമുഖ്യത്തിൽ **പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY)** എന്ന നൈപുണ്യ വികസന പരിശീലന പരിപാടി കല്ലൂപ്പാറ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെടുന്നു. പുതുതലമുറ ഹ്രസ്വകാല കോഴ്സുകളായ **Domestic Data Entry Operator**, **Solar Panel Installation Technician**, **CCTV Installation Technician** (യോഗ്യത: പത്താം ക്ലാസ്സ്, പ്രായപരിധിയില്ല), **Network Engineer** (യോഗ്യത: ITI/ഡിപ്ലോമ, പ്രായപരിധിയില്ല) എന്നിവയാണ് നടത്തപ്പെടുന്നത്. പരിശീലനം പൂർണമായും സൗജന്യമാണ്. ഓരോ കോഴ്സിലും 25 പേർക്ക് വീതമാണ് അഡ്മിഷൻ നൽകുക. മുഖ്യമായും പ്രായോഗിക പരിശീലനത്തിന് മുൻഗണന നൽകിയിട്ടുള്ള ഈ കോഴ്സുകളിൽ അതതു മേഖലകളിലെ സെക്ടർ സ്കിൽ കൗൺസിലുകളിൽ നിന്നും പരിശീലനം നേടിയ മാസ്റ്റർ ട്രെയിനർമാർ ആണ് പരിശീലനം നൽകുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ വൈദഗ്ദ്ധ്യവികസന മന്ത്രാലയത്തിന്റെ കീഴിലുള്ള NSDCയുടെ സർട്ടിഫിക്കേറ്റുകൾ ലഭിക്കുന്നതാണ്. കൂടാതെ പദ്ധതിയുടെ ഭാഗമായി വിദ്യാർഥികൾക്ക് പ്ലേസ്മെൻറ് അവസരങ്ങൾ ലഭ്യമാക്കുകയും ചെയ്യും. താത്പര്യമുള്ളവർ അഡ്മിഷൻ ലഭിക്കുന്നതിനായി **2017 ഡിസംബർ 15ന്** മുൻപായി പ്രവർത്തി സമയങ്ങളിൽ കോളേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോറം പൂരിപ്പിച്ചു നൽകുകയോ www.cek.ac.in എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോറം ഡൌൺലോഡ് ചെയ്തു പൂരിപ്പിച്ചു നൽകുകയോ ചെയ്യാവുന്നതാണ്.

അപേക്ഷ സമർപ്പിക്കേണ്ട വിലാസം: **The Nodal Officer, Pradhan Mantri Kaushal Vikas Yojana-Technical Institutes(PMKVY-TI), College of Engineering Kallooppara, Kadamankulam P.O, Kallooppara,Thiruvalla-689583**

കൂടുതൽ വിവരങ്ങൾക്ക് **9447402630, 0469-2677890,2678983** എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

കല്ലൂപ്പാറ
**27/11/2017** പ്രിൻസിപ്പാൾ